**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട സി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട സി.എച്ച്.സി.യിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | **ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും അസിസ്റ്റന്റ് സർജൻ -1 സ്റ്റാഫ് നഴ്സ് -1, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകളും ഈ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ആധുനിക സൗകര്യങ്ങളോട് കൂടിയ ലബോറട്ടറി സൗകര്യം, ഇ.സി.ജി സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര ആവശ്യങ്ങൾക്ക് രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനായി ആംബുലൻസ് സേവനവും ലഭ്യമാണ്. ഒ.പി സമയം ദീർഘിപ്പിച്ച് രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ ആക്കിയിട്ടുണ്ട്. കൂടാതെ, എച്ച്.എം.സി യുടെയും ഈരാറ്റുപേട്ട നഗരസഭയുടെയും നേതൃത്വത്തിൽ ഈ സ്ഥാപനത്തിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 2020 നവംബർ 1 തീയതി മുതൽ ലഭ്യമാക്കി വരുന്നു.** |
| (ബി) | പ്രസ്തുത സി.എച്ച്.സി.യിൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ടി സ്ഥാപനത്തിൽ ആർദ്രം പദ്ധതി നിഷ്കർഷിക്കുന്നപോലെ രോഗി സൗഹൃദ ആശുപത്രിയായും മെച്ചപ്പെട്ട സേവനങ്ങളും നിലവിൽ തുടർന്നു വരുന്നു. കൂടാതെ 10 കിടക്കകൾ വീതമുള്ള Isolation Ward നിർമ്മാണത്തിനു കോട്ടയം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിന്നും കുടുംബാരോഗ്യകേന്ദ്രം ഈരാറ്റുപേട്ട തിരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ